# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4223** **16.12.2014- ൽ മറുപടിക്ക്**

**കൈത്തറി പുനരുദ്ധാരണ പദ്ധതി**

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേന്ദ്രസർക്കാർ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം കൈത്തറി സഹകരണ സംഘങ്ങളുടെ കടം എഴുതിതള്ളുന്നതിന് എത്ര രൂപ നല്കിയെന്നും എന്നാണ് പണം നൽകിയതെന്നും വിശദമാക്കുമോ; | (എ) കേന്ദ്രസർക്കാർ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം (റിവൈവൽ, റിഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് പാക്കേജ്) ഒന്നാംഘട്ടത്തിൽ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 23.03 കോടി രൂപ 19.03.2013 ൽ നബാർഡ് മുഖാന്തിരം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കേന്ദ്ര വിഹിതമായി 141 കോടി രൂപ അനുവദിച്ചതിൽ ഒന്നാം ഗഡുവായി 58 കോടി രൂപ 23.07.2014 ലും രണ്ടാംഗഡുവായി 83 കോടി രൂപ 24.09.2014 ലും ലഭിച്ചു. |
| (ബി) പ്രസ്തുത തുക പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തുവോ; വിശദാംശങ്ങൾ നൽകാമോ; | (ബി) ഒന്നാംഘട്ടത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച 23.03 കോടി രൂപയും സംസ്ഥാനവിഹിതമായ 5.98 കോടി രൂപയും 122 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കും നബാർഡ് മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ആദ്യഗഡുവായി കേന്ദ്രത്തിൽ നിന്നും ലഭിച്ച 58 കോടി രൂപയിൽ 57.35 കോടി രൂപ, ഹാന്റക്സിനും 9 ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്കുമായി, |

വിതരണം ചെയ്തു. കൂടാതെ സംസ്ഥാന വിഹിതമായ 10.02 കോടി രൂപയും 9 ജില്ലകൾക്കായും ഹാന്റക്സിനും വിതരണം ചെയ്തു. രണ്ടാം ഘട്ടത്തിലെ ഒന്നാം ഗഡുവിലെ ബാക്കി തുകയും രണ്ടാം ഗഡുവായി ലഭിച്ച 83 കോടി രൂപയും 17.12.2014 ൽ ചേരുന്ന സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റി യോഗ തീരുമാനനുസരിച്ച് വിതരണം ചെയ്യുന്നതാണ്.

(സി) വിതരണം ചെയ്തിട്ടില്ലായെങ്കിൽ എന്തു കൊണ്ടാണ് വിതരണം ചെയ്യാത്തതെന്നും എന്ന് വിതരണം ചെയ്യാമെന്നും വിശദ മാക്കാമോ?

(സി) രണ്ടാം ഘട്ടത്തിലെ ഒന്നാം ഗഡുവിലെ ബാക്കി തുകയായ 65 ലക്ഷം രൂപയും രണ്ടാം ഗഡുവിലെ 83 കോടി രൂപയുമാണ് ഇനി വിതരണം ചെയ്യാനുള്ളത്. 11.12.2014 ലെ ജി.ഒ(ആർ.റ്റി) നം.1395/14/വ്യവ നമ്പർ ഉത്തരവു പ്രകാരം രണ്ടാം ഗഡുവിലെ 82 കോടി രൂപ വിതരണം ചെയ്യുന്നതിന് കൈത്തറി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**